# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1748 — 03.05.2017 – ൽ മറുപടിക്ക്

## പാറശ്ശാല നിയോജക മണ്ഡലത്തിലെ റേഷൻകടകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണോ നടക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ 156 റേഷൻ കടകളുണ്ട്. ചില റേഷൻ കടകളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് അന്വേഷണവിധേയമായി 8 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്തു തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ പുതുതായി എത്ര റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) അനുമതി നൽകിയിട്ടില്ല. |
| (സി) | റേഷൻ കടകളിൽ അളവുതൂക്കത്തിൽ വ്യാപകമായുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുവാൻ എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (സി) ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.<br><br>റേഷൻ കടകളിൽ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ വരെയുള്ള ഉദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്താറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |

*സെക്ഷൻ ഓഫീസർ*